Draft #9 of File 86143/AD A4-1/2024/AD A 4 Approved by ASSISTANT REGISTRAR I (ADMIN) on 03-Nov-2026 12:23 PM - Page 1

മഹാത്മാഗാന്ധി സർവകലാശാല

86143/AD A4-1/2024/എ ഡി എ 4 03.11.2026

പത്രക്കുറിപ്പ്

മഹാത്മാഗാന്ധി സർവകലാശാലയിൽ ഓവർസീർ ഗ്രേഡ് II (സിവിൽ) തസ്തികയിലേക്ക് താത്ക്കാലികമായി, 90 ദിവസത്തേക്ക് അല്ലെങ്കിൽ കേരള പബ്ലിക് സർവീസ് കമ്മീഷൻ മുഖേന നിയമിക്കപ്പെടുന്നയാൾ ജോലിയിൽ പ്രവേശിക്കുന്നത് വരെ, ഏതാണോ ആദ്യം അതുവരെ എന്ന വ്യവസ്ഥയിൽ ദിവസവേതന അടിസ്ഥാനത്തിൽ പ്രതിദിനം ₹755/- (എഴുന്നൂറ്റി അൻപത്തിയഞ്ചു മാത്രം) വേതനത്തിൽ നിയോഗം നടത്തുന്നതിനായി 2026 നവംബർ 17, രാവിലെ 10 മണിക്ക്, വൈസ് ചാൻസലറുടെ ചേംബറിൽ വച്ച് വാക്ക് ഇൻ ഇന്റർവ്യൂ നടത്തുന്നു.

പ്രായ പരിധി - 18 വയസ്സിനും 40 നും മദ്ധ്യേ. വിദ്യാഭ്യാസ യോഗ്യത - സിവിൽ ഐച്ഛിക വിഷയമായി 3 വർഷത്തെ അംഗീകൃത ഡിപ്ലോമ അഥവാ തത്തുല്യ യോഗ്യത അല്ലെങ്കിൽ എസ് .എസ് .എൽ. സി അഥവാ തത്തുല്യ യോഗ്യതയും താഴെ പറയുന്ന എന്തെങ്കിലും ഒരു യോഗ്യതയും കൂടി ഉണ്ടായിരിക്കുകയും ചെയ്യേണ്ടതാണ് - (a. കേരള ഗവണ്മെന്റ് സർട്ടിഫിക്കറ്റ് (ദ്വിവത്സര കോഴ്സ്), b. ഇന്ത്യ ഗവണ്മെന്റിന്റെ തൊഴിൽ മന്ത്രാലയം നടത്തുന്ന ഇൻഡസ്ട്രിയൽ ട്രെയിനിങ് ഇൻസ്റ്റിറ്റ്യൂട്ട് / സെന്റർ എന്നിവയിലെ 18 മാസത്തെ കോഴ്സിൽ ഡ്രാഫ്റ്റ്സ് മാൻ ട്രേഡിങ്ങിൽ (6 മാസത്തെ പ്രാക്ടിക്കൽ ട്രെയിനിങ് ഉള്ള) ഡ്രാഫ്റ്റ്മാൻഷിപ്പിലുള്ള ഡിപ്ലോമ) എന്നീ യോഗ്യതകളുള്ള ഓവർസീർ ഗ്രേഡ് II (സിവിൽ) നിയോഗത്തിന് താൽപ്പര്യമുള്ളവർ തിരിച്ചറിയൽ രേഖ, യോഗ്യത, വയസ് എന്നിവ തെളിയിക്കുന്ന രേഖകൾ സഹിതം അന്നേ ദിവസം രാവിലെ 9 മണിക്ക് സർവകലാശാല ഭരണ വിഭാഗത്തിൽ, എ.ഡി.എ 4 സെക്ഷനിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്. വിശദാംശങ്ങൾ സർവകലാശാല വെബ് സൈറ്റായ www.mgu.ac.in - ലും ലഭ്യമാണ്.

ബിനോയ് സെബാസ്റ്റ്യൻ
അസിസ്റ്റന്റ് രജിസ്ട്രാർ 1 (ഭരണ വിഭാഗം)
രജിസ്ട്രാർക്ക് വേണ്ടി

The document is digitally approved. Hence signature is not needed.